


GOVT.HSS NEYYARDAM

LK UNIT II

## CREDITS……….

**Chief Editor – Shreelatha I M (Headmistress)**

**Staff Editor – Sunithakumari V (SITC)**

**Student Editor – Arun Raj**

**Lay out – Abhishek**

**Publishing – Kishnasree and Gopika S Nair**

# Forword.....

It is a matter of happy that the LK group of my school undertook the effort to publish a Digital Magazine. The new gadget enable their learning process very easy and excited one.

Best wishes.......

The Headmistress

***Congratulations to Digital Magazine........***

***PTA President***

**Best wishes ......**

***to the second edition of Digital Magazine of Govt.HSS Neyyardam***

**Staff Secretary**

सत्यमेव जयते

# THE CONSTITUTION OF INDIA

## PREAMBLE

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.

**Friends,**

**LK unit, second batch of our school humbly presents a digital magazine. It is an attempt to prepare a magazine from pupils' part. Those who sweat behind this, really deserve the gratitude of the unit.**

**Thanks to the HM and staff.**

**SITC**

**<u>STREAMLINES.</u>........**

### CLASS ROOM LIBRARY....



**Honourinhg the former student turned as a poet.....**



**GANITHOLSAV.....**



**From Ganitholsav.....**



# Vimukthi..

## An anti drug campaign



**A short film as part of Celluloid project**



# എന്റെ പള്ളിക്കൂടം..

സുന്ദരമായ ഒരോർമ....എന്നും നിറസ്നേഹത്തിന്റെ പ്രതീകം.. ഓർമയിൽ സൂക്ഷിക്കാൻ ഒത്തിരി നല്ല  അനുഭവങ്ങളും ഇത്തിരി നൊമ്പരങ്ങളും നല്കിയ എന്റെ വിദ്യാലയം..




കലാചന്ദ്രൻ

പൂർവ്വ വിദ്യാർത്ഥി

# ഓർമ്മകൾ

എന്നെ ഞാനാക്കുന്ന എൻ ഓർമ്മകൾ

മനസ്സിൽ ഉറങ്ങുന്ന നുറുങ്ങു നൊമ്പരങ്ങൾ

പീലിവിടർത്തിയാടുന്ന പ്രണയാതുരങ്ങൾ

ഫണമുയർത്തുന്ന ഭയപ്പാടുകൾ...

എവിടെയൊ ഉണ്ടെന്ന തോന്നലിൽ

ജീവിതം മുന്നോട്ട്.......

പകരമാവില്ല ഒന്നും.....

ഉണ്ടാവുകയുമില്ല.....

അറിഞ്ഞിട്ടും മറഞ്ഞു നീ....

ഓർത്തില്ല നി എൻ ഹൃദ്ദിനെ......

സുനിത

# <u>RIVULET</u>

**What a glamoured days...**
**Busy with kids,men and women!!**
**Chirping of birds, groaning of engines!**
**Pains turned as smiles!!!**
**How noisy were those days...**
**Proud to be awakened in the blue morning**
**Crowded banks**
**Vendors,guides and gypsies**
**Only happiness,life and solace**
**Praised,sold and enjoyed......**
**Where are they today?**
**No birds,no cries...**
**Not a single drop..**
**I have nothing to give...**
**Only deserted banks...**
**Once am.....was their life**
**Sans beauty,gush**
**A dry land of pebbles.........**



# <u>HOW LONG I WILL BE HERE?</u>

**“Hey'!Tell me,can you”**
**“What my dear!”**
**“Am a dew at the tinch of you,**
**Let me know,how long I can stick here?”**
**“No way”, with waving leaves,comes reply.**
**Why many queries come**
**“This harmony,here how long?”**
**No answer.**
**Cries of granites heard from far away**
**Ignite the minds**
**As a knell of doom!!!!!**

# <u>ജലദിനം</u>



എരിയുന്ന വെയിലിൻ തീനാളം
ചുട്ടുകാറ്റായി വീശിടുമ്പോൾ
ആർദ്രമാം ഭൂമിതൻ ആത്മാവും
ചുട്ടുബാഷ്പമായി മാറിടുന്നു.

പുഴകൾ കൗരവസഭയിലെ പാഞ്ചാലിയാകുന്നു
ദൂരെ ഋഷ്യശൃംഗൻ ചിരിക്കുന്നു.
മൺകുടങ്ങൾ ദാഹനീരിനായ് കേഴുന്നു.
വിണ്ടുകീറിയ പാടം നീർകാക്ക കൊത്തിപ്പറിക്കുന്നു.
ഇനിയും വരാത്ത മഴയെ ഓർത്ത്
മേച്ചിൽപ്പുറങ്ങൾ മൊട്ടക്കുന്നായി
മുഖം താഴ്ത്തി നിൽക്കുന്നു
ഇലപൊഴിഞ്ഞൊരാരാമരം അഗ്നിവിഴുങ്ങുന്നു.
ഒരിറ്റു ദാഹനീരിനായി കേഴുന്നു ഭൂമി
വൈശാലിമാരെ വീണ്ടും തിരയുന്നു.

ഐ എം ശ്രീലത
ഹെഡ് മിസ്ട്രസ്സ്

# തിരിച്ചുപോക്ക്

സ്ഥലം എത്തിയത് അവൾ അറിഞ്ഞതേയില്ല. നീണ്ട അഞ്ചരമണിക്കൂർ യാത്ര. യാത്രയിലുടനീളം തൻെറ പഴയ ഗ്രാമത്തെപ്പറ്റിയും ബാല്യവും കൗമാരവും ചെലവിട്ട തൻെറ മാത്രം സ്വന്തമായ,സ്വാർത്ഥതയായ,അഹങ്കാരമായ ഗ്രാമത്തെപ്പറ്റിയുമായിരുന്നു ചിന്ത.

ഗ്രാമത്തിലെത്തിയപ്പോൾ അന്തിവെയിൽ പരന്നു തിടങ്ങിക്കഴിഞ്ഞു. ഇളം ചുവപ്പു കിരണങ്ങൾ തെങ്ങോലതലപ്പുകളിൽ പതിക്കുമ്പോഴുള്ള സൗന്ദര്യത്തിന് എന്തോ ഒരു കുറവ്. അവൾ ചിന്തയിൽ മുഴുകി നടന്നു. കൂടണയാൻ എത്തുന്ന കാക്കകളുടെ കരച്ചിലും അങ്ങകലെ അമ്പലത്തിലെ ദീപാരാധനാമണിയൊച്ചയും, നടവരമ്പിനടുത്തുകൂടിയൊഴുകുന്ന നീർച്ചാലിൻെറ കളകളശബ്ദവും, പഴുത്തു നിൽക്കുന്ന നെൽവയൽ മണവും ഇല്ലാത്തതാണോ ഈ അന്തിവെയിലിൻെറ ഭംഗിക്കുറവിന് കാരണം?

ദീർഘമായ നെടുവീർപ്പ് ആശ്വാസം നൽകി. തോളിലെ ബാഗിന് വല്ലാത്ത ഭാരം. ഒരു പരിചയക്കാരാരെയും കാണുന്നില്ല. അപരിചിതത്വം വല്ലാതെ അസ്വസ്ഥമാക്കുന്നു.

സന്ധ്യാവിളക്ക് നാമം ചൊല്ലി കെടുത്താനായി മുത്തശ്ശി ഉമ്മറത്ത് എത്തിയപ്പോൾ അവൾ മുറ്റത്തെത്തി. മുത്തശ്ശിക്ക് ഒരു മാറ്റവും ഇല്ല. കുഞ്ഞുനാളിൽ മുത്തശ്ശിയോടൊപ്പം ഉറങ്ങുമ്പോൾ ഉള്ള അതേ മണം- ഇപ്പോഴും- മുത്തശ്ശി മണം- ഓടി ഉമ്മറത്തെത്തി. മുത്തശ്ശി മനസ്സിലാകാത്ത രീതിയിൽ നിൽക്കുന്നത് തെല്ല വേദന നൽകി. വിളക്ക് കൈയിലേന്തി മുഖത്തോട് അടുപ്പിച്ച് മുത്തശ്ശി തൻെറ പേരക്കുട്ടിയെ തിരിച്ചറിഞ്ഞു. അവളുടെ ഉള്ള് എന്തോ പിറുപിറുത്തു. "ഞാൻ വീണ്ടും എത്തി, എൻെറ എല്ലാ നല്ല ഓർമ്മകളും ഇവിടെയാണ്, എൻെറ സന്തോഷം എൻെറ കുസൃതികൾ, എനിക്കു കിട്ടിയ സ്നേഹസുഗന്ധം എല്ലാം ഇവിടെയുണ്ട്".

പിന്നിട്ട വഴിയിലൊന്നും കിട്ടാത്ത ഒരു ഊർജ്ജം, ഒരു അശ്വാസം ഉമ്മറത്ത് കയറിയപ്പോൾ കിട്ടി.

മുത്തശ്ശി നൽകിയ ചായയും മോന്തി ഉമ്മറത്തെ കൈവരിയിൽ ഇരിക്കുമ്പോൾ ലോകം കീഴടക്കിയ ആശ്വാസമായിരുന്നു അവൾക്ക്. ഇക്കാലമത്രയും മനസ്സ് അലഞ്ഞു തകർന്നു. എന്നിട്ടും..... ഒടുവിൽ...

ഇനി എങ്ങോട്ടും ഇല്ല. ഈ പഴമയുടെ മണം, സ്നേഹം, ആശ്വാസം. അതു മതി അത് മാത്രം മതി. അതാണ് ശരിയെന്ന് ഓർമ്മപ്പെടുത്തി തണുത്ത കാറ്റ് മെല്ലെ തലോടുന്നതു പോലെ.........

ഐ എം ശ്രീലത

*THANKS..........*

**LK UNIT BATCH II**

**GOVT.HSS NEYYARDAM**